# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 366** **27.09.2016- ൽ മറുപടിക്ക്**

### തിരുവണ്ണൂർ കോട്ടൺ മിൽ

| ചോദ്യം<br>ശ്രീ.വി.കെ.സി.മമ്മത് കോയ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) തിരുവണ്ണൂർ കോട്ടൺ മില്ലിൽ ഗുണനില വാരമുള്ള കോട്ടൺ നൂലുകൾക്ക് പകരം മുൻസർക്കാർ പോളിയസ്റ്റർ നൂലുകൾ ഉൽപ്പാദിപ്പിക്കുവാൻ തുടങ്ങിയതും ഉത് പാദന ക്ഷമത കുറച്ചുകൊണ്ടുവന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ (തിരുവണ്ണൂർ കോട്ടൺ മിൽ) കോട്ടൺ നൂലുക ൾക്കൊപ്പം പോളിയസ്റ്റർ ബ്ലന്റഡ് നൂൽ ഉത്പാദിപ്പിച്ചതു കൊണ്ട് ഉൽപാദനക്ഷമതയിൽ കുറവുണ്ടായിട്ടില്ല. |
| (ബി) ഇതിന്റെ ഭാഗമായി കഴിഞ്ഞ 5 വർഷം കൊണ്ട് സ്ഥാപനത്തിന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ (2011-12 മുതൽ 2015-16 വരെ) മില്ലിനുണ്ടായ നഷ്ടം 40 കോടി രൂപയാണ്. |
| (സി) ഗുണമേന്മയുള്ള കോട്ടൺ നൂലുകൾ ഉൽപാദിപ്പിച്ച് സ്ഥാപനം ലാഭകരമാക്കു വാൻ നടപടികൾ സ്വീകരിക്കുമോ; | (സി) ഇപ്പോഴത്തെ പരുത്തിയുടെ വില നിലവാരവും, യാൺ മാർക്കറ്റിൽ കോട്ടൺ നൂലിന് നിലനിൽക്കുന്ന മാന്ദ്യവും കണക്കിലെടുത്താൽ കോട്ടൺ നൂൽ ഉത്പാദനം ലാഭകരമായിരിക്കുകയില്ല. |
| (ഡി) കഴിഞ്ഞ 5 വർഷക്കാലത്ത് സ്ഥാപന ത്തിന് നഷ്ടമുണ്ടായതായുള്ള ആക്ഷേപം പരിശോധിച്ച് കുറ്റക്കാർക്കെതിരെ നട പടി സ്വീകരിക്കുമോ? | (ഡി) കഴിഞ്ഞ 5 വർഷക്കാലത്തെ മില്ലിന്റെ പ്രവർത്തനം നഷ്ടത്തിലായതിനുള്ള പ്രധാനകാരണങ്ങൾ താഴെ പ്പറയുന്നവയാണ്.<br>1)ആഗോളതലത്തിൽ സാമ്പത്തികമാന്ദ്യം കൊണ്ടു ണ്ടായ കാരണങ്ങളാൽ 2011 മുതൽ ടെക്സ്റ്റൈൽ വ്യവസായ മേഖലയിൽ നിലനിൽക്കുന്ന കടുത്ത പ്രതിസന്ധി മൂലം കോർപ്പറേഷന്റെ മില്ലുകൾ തുടർച്ചയായി 2010-2011 വർഷം മുതൽ നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്.<br>2)മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ 2011 വരെ നാല് ഘട്ടങ്ങളിലായി നടപ്പിലാക്കിയ 36 കോടി രൂപയുടെ നവീകരണ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവായ തുകയുടെ പലിശയും, തേയ്മാനവും ചേർന്നുള്ള ചെലവുകൾ |

കണക്കിലെടുക്കുമ്പോഴാണ് നഷ്ടം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത്.

3) 2011 വർഷാരംഭത്തിൽ കേന്ദ്ര സർക്കാർ പരുത്തി കയറ്റുമതി ചെയ്യുവാൻ കൈക്കൊണ്ട തീരുമാനം മൂലം ആഭ്യന്തര മാർക്കറ്റിൽ പരുത്തിയുടെ ലഭ്യത കുറഞ്ഞത് (artifical shortage) പരുത്തി വില ഉയരാൻ ഇടയാക്കി.

4) കേന്ദ്ര സർക്കാരിന്റെ കയറ്റുമതി ഇറക്കുമതി നയത്തിന്റെ ഭാഗമായി കോട്ടൺ നൂൽ കയറ്റുമതിക്ക് നിയന്ത്രണം കൊണ്ടുവന്നതു വഴി ആഭ്യന്തര മാർക്കറ്റിൽ കോട്ടൺ നൂൽ വില കുത്തനെ ഇടിഞ്ഞത് മൂലം ടെക്സ്റ്റൈൽ വ്യവസായത്തിനുണ്ടായ പ്രതിസന്ധി മില്ലിനേയും ബാധിച്ചു.

5)ഇതിനുപരിയായി വിശദമായ അന്വേഷണം നടത്തുന്നതും അതിലൂടെ ആരെങ്കിലും കുറ്റക്കാരാണെന്ന് കാണുകയാണെങ്കിൽ അവർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ